## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 607 7.1.2014- ലെ മറുപടിക്ക്**

## പാക്കറ്റ് ഭക്ഷ്യോത്പന്നങ്ങളുടെ വില്പനനികുതി

| | ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ നാമങ്ങളിൽ വർണ്ണാഭമായ പായ്ക്കറ്റുകളിൽ വിറ്റഴിക്കുന്ന രാസവസ്തുക്കൾ ചേർത്ത ഐസ് ക്രീം പൗഡർ, ബദാം, പിസ്ത, വിവിധ നാമങ്ങളിലുള്ള ജ്യൂസുകൾ നിർമ്മിക്കുന്ന പൗഡറുകൾ, കോൺ ഫ്ളേക്സ് തുടങ്ങിയവയ്ക്ക് വിറ്റഴിക്കുന്ന ഓരോ പായ്ക്കറ്റിനും എപ്രകാരമാണ് സെയിൽസ് ടാക്സ് ഈടാക്കി വരുന്നത് ; | (എ) | 1. ഐസ് ക്രീം പൗഡർ - 14.5 %<br>2. ബദാം - 14.5 %<br>3. പിസ്ത - 14.5 %<br>4.ജ്യൂസുകൾ നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന പൗഡറുകൾ -14.5 %<br>5. കോൺ ഫ്ളേക്സ് -14.5 % |
| (ബി) | നൈസ്ഡേ, ബട്ടർഫ്ളൈ തുടങ്ങിയ പേരുകളിൽ സംസ്ഥാനമൊട്ടാകെ വിറ്റഴിക്കുന്നവയ്ക്ക് വില്പനനികുതി അടയ്ക്കുന്നുണ്ടോ ; എങ്കിൽ, പ്രസ്തുത നികുതി ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) | വ്യാപാരികൾ ഓരോ മാസത്തേയും റിട്ടേൺ സമർപ്പിക്കുമ്പോൾ അവർ വിൽക്കുന്ന സാധനങ്ങളുടെ ബ്രാന്റ് നെയിമുകൾ പരാമർശിക്കാറില്ല. ടി സാധനങ്ങൾ ഏതു വിഭാഗത്തിൽപ്പെടുന്നുവെന്നതും അതിനു ബാധകമായ നികുതി നിരക്കും നികുതി തുകയും എത്രയാണെന്നും മാത്രമേ റിട്ടേണുകളിൽ കാണിക്കാറുള്ളു.<br><br>നൈസ്ഡേ, ബട്ടർഫ്ളൈ എന്നീ പേരുകളിൽ വിൽക്കപ്പെടുന്ന മിൽക്ക് ഷേക്ക് പൗഡറുകൾക്ക് ബാധകമായ നികുതി നിരക്ക് 14.5 % ആണ്.<br><br>വ്യാപാരി, ടി സാധനങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളതിൽ താഴ്ന്ന നിരക്കിലാണ് നികുതി ഈടാക്കുകയും സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യുന്നതെങ്കിൽ പരിശോധനയിൽ നികുതി നിർണ്ണയാധികാരി അക്കാര്യം കണ്ടുപിടിക്കുമ്പോൾ ബാക്കി വരുന്ന ടാക്സ്, പിഴ എന്നിവ ടി വ്യാപാരിയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ